02.03.22

DISPATCHED
On.7/3/22.....

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001

ഫോൺ: 0471 2561603, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **AP No.620(4)/ 21** /*എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.4670/*എസ്.ഐ.സി-ജി2/2021* )

ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

തിയതി: 02.03.2022

ശ്രീ. ജോസ് ദാസ് ആന്റണി,
കാനക്കാപ്പള്ളി ഹൗസ്,
C/o ഹെലൻ കാസ്പർ,
പുത്തംപറമ്പിൽ ഹൗസ്,
സൗത്ത് മൂലംങ്കുഴി, മുണ്ടംവേലി.പി.ഒ
കൊച്ചി- 682 507. — അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   വില്ലേജ് ഓഫീസർ,
   വില്ലേജ് ഓഫീസ്, എഴുപുന്ന, ചേർത്തല,
   ആലപ്പുഴ- -688 537.
2. അപ്പീൽ അധികാരി &
   തഹസീൽദാർ(ഭൂരേഖ),
   താലൂക്ക് ഓഫീസ്, ചേർത്തല.

— എതിർകക്ഷികൾ

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ 20.10.2020 ൽ നൽകിയ വിവരാവകാശ അപേക്ഷയ്ക്കും, 07.12.2020 ൽ നൽകിയ ഒന്നാംഅപ്പീലിനും വ്യക്തവും, കൃത്യവുമായ മറുപടികൾ ലഭിച്ചില്ലായെന്നു ചൂണ്ടിക്കാട്ടിയാണ് ടിയാൻ 03.04.2021 ൽ കമ്മീഷന് അപ്പീൽ ഹർജി നൽകിയത്.

ഇതുമായി ബന്ധപ്പെട്ട് കമ്മീഷൻ 25.02.2022 ൽ ഓഡിയോ ഹിയറിംഗ് നടത്തി. ഇരുകക്ഷികളും ഹിയറിംഗിൽ പങ്കെടുത്തു.

തന്റെ പിതാവിന്റെ ഭാഗ ഉടമ്പടി പ്രകാരം ലഭിച്ച സ്ഥലത്തിന് 2018 വരെ കരം അടച്ചുവെന്നും, പിന്നീട് കരമടയ്ക്കാൻ ചെന്നപ്പോൾ നേരത്തെയുള്ള തണ്ടപ്പേരിൽ

വസ്തു ഇല്ലെന്നും, ഇതു സംബന്ധിച്ച് വ്യക്തത വരുത്തുന്നതിനാണ് വിവരാവകാശ അപേക്ഷ നൽകിയതെന്നും അപ്പീൽ ഹർജിക്കാരൻ പറഞ്ഞു. തന്റെ അപേക്ഷയ്ക്ക് മറുപടി കത്തു ലഭിച്ചതു തന്നെ 12 ദിവസം വൈകിയാണെന്നും, ഇതിന് തപാൽരേഖകൾ തെളിവായുണ്ടെന്നും ടിയാൻ പറഞ്ഞു.

അപ്പീൽ ഹർജിക്കാരന്റെ പരാതി പരിഹരിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി ബന്ധപ്പെട്ട ഫയൽ ചേർത്തല താലൂക്ക് ആഫീസിലേക്ക് അയച്ചിരിക്കുകയാണെന്നും, ഒരു മാസത്തിനകം ആയത് പരിഹരിച്ച് വ്യക്തമായ മറുപടി നൽകികൊള്ളാമെന്നും എഴുപുന്ന വില്ലേജ് ഓഫീസർ കൂടിയായ ഒന്നാം എതിർകക്ഷി ഹിയറിംഗിൽ മൊഴി നൽകി.

ഒന്നാം എതിർകക്ഷിയുടെ മൊഴി കമ്മീഷൻ വിശ്വാസത്തിലെടുക്കുന്നു. ഒന്നാം എതിർകക്ഷി പറയുന്നതിൻ പ്രകാരം നടപടിയുണ്ടായാൽ, അപ്പീൽ ഹർജിക്കാരനും തൃപ്തനാകും എന്നും കമ്മീഷൻ കരുതുന്നു.

ഇതിന്റെ അടിസ്ഥാനത്തിൽ ഉത്തരവ് ലഭിച്ച് പരമാവധി ഒരു മാസത്തിനകം അപ്പീൽ ഹർജിക്കാരന് കൃത്യമായ വിവരങ്ങൾ അടങ്ങുന്ന മറുപടി എതിർകക്ഷി നൽകേണ്ടതാണ്.

മേൽപ്പറഞ്ഞ പ്രകാരം അപ്പീൽ ഹർജിയിന്മേൽ ഇന്നേ ദിവസം 02.03.2022 ന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഒപ്പ്)**
**കെ.വി.സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

Va